
# സോളിഡാരിറ്റിയുടെ അന്യമത വിരോധം!

**‘സോളിഡാരിറ്റിക്കെന്താണ്** ഇത്ര കടുത്ത ദലിത്-പരിസ്ഥിതി സ്നേഹം’ എന്ന അന്വേഷണത്തിന് എം.എൻ കാരശ്ശേരി പ്രതികരിച്ചതിങ്ങനെ: “സോളിഡാരിറ്റിയുടേത് കാപട്യത്തിന്റെ മുഖമാണ്. വിശ്വാസപരമായി തന്നോടൊപ്പമല്ല എന്നുള്ളതുകൊണ്ട് അന്യമനുഷ്യനെ വെറുക്കാൻ പഠിപ്പിക്കുന്നവർ എങ്ങനെ ദലിതനെ സ്നേഹിക്കും? പരിസ്ഥിതി പ്രേമിയാവും?” (*പച്ചക്കുതിര*, ഡിസംബർ 1). തന്റെ ഈ ആരോപണത്തിന്നാധാരമായി സോളിഡാരിറ്റിയുടെ എഴുത്തിലോ പ്രസംഗത്തിലോ പ്രവർത്തനങ്ങളിലോ തെളിവിന്റെ തരിമ്പെങ്കിലും ഉദ്ധരിക്കാതിരുന്നത് ആരോപകന്റെ കാപട്യമാണ് കാണിക്കുന്നത്. കാരശ്ശേരിയുടെ സത്യസന്ധത തൊട്ടുതീണ്ടാത്ത ആരോപണത്തിന്, പ്രശസ്ത പരിസ്ഥിതി-സാമൂഹിക പ്രവർത്തകനായ സി.ആർ നീലകണ്ഠൻ സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ എഴുതിയ ലേഖനം വായടപ്പൻ മറുപടിയാണ്.

എൻഡോസൾഫാൻ പീഡിതർ, പ്ലാച്ചിമട, എക്സ്പ്രസ് ഹൈവേ, സ്മാർട്ട് സിറ്റി, കരിമണൽ ഖനനം, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി, ഏലൂരിലെ മലിനീകരണം, വല്ലാർപാടം കുടിയിറക്കൽ, മൂന്നാർ ഭൂമി കൈയേറ്റം തുടങ്ങിയ സകല മാനുഷിക പ്രശ്നങ്ങളിലും സോളിഡാരിറ്റി നടത്തിയ സാമൂഹിക ഇടപെടലുകളെ മുക്തകണ്ഠം പ്രശംസിച്ച ശേഷം തന്റെ ഒരു അനുഭവം അദ്ദേഹം ഇങ്ങനെ കുറിക്കുന്നു: “സൂനാമി ത്തിരമാലകൾ നൂറിലധികം പേരുടെ ജീവനപഹരിച്ച ആലപ്പാട്ട് കടപ്പുറത്ത് സോളിഡാരിറ്റി പ്രവർത്തകർ മറ്റു പലരോടുമൊപ്പം ദുരിതാശ്വാസ പ്രവർത്തനത്തിലേർപ്പെടുകയുണ്ടായി. അവിടെ മരിച്ചവരിൽ ബഹുഭൂരിപക്ഷവും ഹിന്ദുമതവിശ്വാസികളായിരുന്നു. മൃതശരീരത്തിനടുത്ത് ഒരു നിലവിളക്ക് വെക്കുകയെന്നത് അവരുടെ ആചാരമാണ്. ഇത്തരത്തിൽ നിലവിളക്ക് ശേഖരിക്കുന്നതിനു വേണ്ടി ചുറ്റുപാടുമുള്ള പല വീടുകളിലും കയറിയിറങ്ങിയ സോളിഡാരിറ്റി പ്രവർത്തകരെ ഞാൻ നേരിൽ കാണുകയുണ്ടായി.... മൃതദേഹങ്ങൾക്കരികിൽ വെക്കാനുള്ള നിലവിളക്ക് തേടിയ സോളിഡാരിറ്റി പ്രവർത്തകരോട് ബഹുമാനമാണ് തോന്നിയത്. തന്റെ വിശ്വാസമെന്നതു പോലെ മറ്റൊരുത്തന്റെ വിശ്വാസവും പ്രധാനമാണെന്നവർ കരുതുന്നു. അതാണ് ജനാധിപത്യം. അതാണിന്ന് സമൂഹത്തിൽ ദുർബലമായിക്കൊണ്ടിരിക്കുന്നത്” (*പ്രബോധനം*, 2008 മെയ് 17).

‘വിശ്വാസപരമായി തങ്ങളോടൊപ്പമല്ല എന്നുള്ളതുകൊണ്ട് മറ്റുള്ളവരെ വെറുക്കാൻ പഠിപ്പിക്കുന്ന’ സോളിഡാരിറ്റി പ്രവർത്തകർ, സൂനാമിത്തിരമാലകൾ ജീവൻ അപഹരിച്ചവരിൽ ബഹുഭൂരിപക്ഷവും ഹിന്ദുമതവിശ്വാസികളായിരുന്നിട്ടും അവർക്ക് ദുരിതാശ്വാസമെത്തിക്കാനും അവരുടെ മൃതശരീരത്തിനടുത്ത് നിലവിളക്ക് വെക്കുന്നത്, തങ്ങളുടെ വിശ്വാസവുമായി ബന്ധമില്ലാത്തതാണെങ്കിലും, നിലവിളക്കിനായി ഓടി നടക്കാൻ സന്നദ്ധമായതും എന്തുകൊണ്ടാണെന്ന് കാരശ്ശേരി വിശദീകരിക്കുമോ? സോളിഡാരിറ്റി പ്രവർത്തകരുമായി നിരന്തരം സഹകരിക്കുന്ന നീലകണ്ഠനും പ്രസ്തുത യുവജന പ്രസ്ഥാനത്തിൽ അണിചേർന്ന് പ്രവർത്തിക്കുന്ന നല്ലൊരു ശതമാനം അമുസ്‌ലിം യുവാക്കൾക്കും സോളിഡാരിറ്റിയിൽ കാണാത്ത അന്യമതവിരോധം കാരശ്ശേരിക്ക് മാത്രം പിടികിട്ടിയതിന്റെ രഹസ്യമെന്തായിരിക്കാം!

**മധുരക്കുഴി**




## വേറിട്ടു നിൽക്കുന്ന പരമ്പര

**പഴയകാല** പ്രവർത്തകരുടെ ഓർമകൾ സംഗ്രഹിച്ച് തയാറാക്കി പ്രസിദ്ധീകരിക്കുന്ന *പ്രബോധന*ത്തിന് ഭാവുകങ്ങൾ. എല്ലാവരുടെയും സംഭാഷണങ്ങൾ ഹൃദ്യമായിരുന്നെങ്കിലും കെ.ടിയുമായി സംസാരിച്ച് സദ്റുദ്ദീൻ വാഴക്കാട് തയാറാക്കിയ പരമ്പര ഏറെ വേറിട്ട് നിൽക്കുന്നു. കെ.ടിയുടെ പ്രസ്ഥാന യാത്രയിലെ അഞ്ചാം ഭാഗത്തിലെ ചില പരാമർശങ്ങളാണ് ഈ കുറിപ്പിന് ആധാരം.

‘അല്ലാഹു’ എന്ന ഉച്ചാരണ തർക്കംകൊണ്ടുവന്ന പണ്ഡിതൻ അറിയപ്പെടുന്നത് ഓച്ചിറ ഉസ്താദ് എന്നല്ല, ‘വാഴക്കാടൻ ഉസ്താദ്’ എന്ന പേരിലാണ്. മലബാറിലെ വാഴക്കാട് പ്രദേശത്തുനിന്ന് വന്ന് ഓച്ചിറയിൽ സ്ഥിരതാമസമാക്കിയ വ്യക്തിയാണ്. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു പതി മുസ്‌ലിയാർ. നാല് പതിറ്റാണ്ടിലേറെയായി നിലനിൽക്കുന്ന ഉച്ചാരണത്തർക്കം ഇക്കാലത്തും സജീവ ചർച്ചയായി നിലനിൽക്കുന്നു. എന്നുമാത്രമല്ല, അതിന്റെ പേരിൽ അടുത്ത കാലത്തു പോലും വാദപ്രതിവാദം സംഘടിപ്പിക്കുന്ന പരിഹാസ്യത ഓച്ചിറയിലും പരിസര പ്രദേശങ്ങളിലും അരങ്ങേറുന്നുണ്ട്.

മലബാറിൽ ‘പതി മുസ്‌ലിയാർ’ ഈ വാദം ഉയർത്തിയിരുന്നില്ല എന്ന പരാമർശം ശരിയല്ല. സുന്നികൾക്ക് വേണ്ടി ജമാഅത്തിനെയും മുജാഹിദിനെയും വിമർശിക്കാൻ മലബാറിലെത്തിയ അദ്ദേഹവുമായി അല്ലാഹു എന്ന ഉച്ചാരണത്തെ സംബന്ധിച്ച് തർക്കമുണ്ടാവുകയും അവർ പരസ്പരം കലഹിക്കുകയും ചെയ്തിരുന്നു.

നീർക്കുന്നം അബ്ദുൽ അസീസ് സാഹിബിനോടൊപ്പം പരാമർശിക്കപ്പെടേണ്ടതായിരുന്നു കായംകുളം പപ്പാടിയിൽ സുബൈർ, തൃക്കുന്നപ്പുഴ സ്വദേശി ബാവ സാർ തുടങ്ങിയ പ്രാദേശിക നേതാക്കളുടെ ഓർമകളും. ആലപ്പുഴ, കായംകുളം പരിസര പ്രദേശങ്ങളിൽ ജമാഅത്തിന് മേൽവിലാസം ഉണ്ടാക്കുന്നതിൽ യശഃശരീരരായ ഇവരുടെ പ്രയത്നം കൂടി ഉണ്ടായിരുന്നു. നിസ്വാർഥമായ സാമൂഹിക സേവനം, പള്ളികളുമായി നിരന്തര ബന്ധം, വ്യക്തിവൈശിഷ്ട്യം തുടങ്ങിയ ഗുണങ്ങൾ ജമാഅത്ത് പ്രവർത്തകരുടെ സ്വീകാര്യത വർധിപ്പിച്ചിരുന്നു. തെക്കൻ കേരളത്തിൽ എതിർപ്പ് കുറയാൻ അതാണൊരു പ്രധാന കാരണം.

**സക്കീർ ഹുസൈൻ ഓച്ചിറ**
**ബുറൈദ, കെ.എസ്.എ**

# ചക്കിക്കൊത്ത ചങ്കരൻ

**'ധൂർത്തിന്റെ** മഹാമേളകൾ'(ലക്കം 23) വായിച്ചപ്പോൾ മനസ്സിൽ തോന്നിയ പഴഞ്ചൊല്ലാണ് ശീർഷകം, ചക്കിക്കൊത്ത ചങ്കരൻ, ചങ്കരനൊത്ത ചാത്തന്മാർ!

കുറെ സമ്പത്ത് കുന്നുകൂടിയതുകൊണ്ടൊന്നും മാനുഷിക സംസ്കാരം ഉണ്ടാവില്ല. കുലീനതയും തറവാടിത്തവും ലജ്ജയുമൊന്നും പണംകൊണ്ട് ലഭിക്കുന്നതുമല്ല. വിജ്ഞാനത്തിന്റെ അടയാളമാണ് മാനുഷിക സംസ്കൃതി.

'അർഥമില്ലാത്തവന് അർഥം ലഭിച്ചാൽ അർധരാത്രിയും കുടപിടിക്കു'മെന്ന പഴമൊഴിയുടെ പുതുക്കക്കാരാണ് കത്തിലെ കഥാപാത്രങ്ങൾ. ഇതിലെ ചക്കിയും ചങ്കരനും ഒരു നാണയത്തിന്റെ ഇരുവശങ്ങൾ മാത്രം!

നബി(സ) കസ്തൂരി വിൽപനക്കാരനെയും ഉലഊത്തുകാരനെയും അനുഗമിക്കുന്നവരെ ഉപമിച്ചുകൊണ്ടുപറഞ്ഞു: കസ്തൂരിക്കച്ചവടക്കാരനെ അനുഗമിച്ചാൽ, പണമുണ്ടെങ്കിൽ വാങ്ങാം. അല്ലെങ്കിൽ സുഗന്ധം ആസ്വദിക്കാം. എന്നാൽ, ഉലയൂത്തുകാരനെ പിന്തുടരുന്നവന് ലഭിക്കുന്നത് ദുർഗന്ധവും ചിലപ്പോൾ അപകടവുമായിരിക്കും!

ഈ 'ഡാർവിൻ പിൻഗാമി'കളെ നിലക്കുനിർത്താൻ മഹല്ലിൽ നീതിമാനായ ഖാദിയുണ്ടെങ്കിൽ മുൻകൈയെടുക്കണം. പിന്നെ ധൂർത്തിന്റെ കാര്യം. അതുണ്ടായിരിക്കുക തന്നെ വേണം! ആ കാര്യത്തിൽ പ്രവാചകന്റെ പ്രവചനം പുലർത്തി കാണിക്കേണ്ട ചുമതല നമുക്കുതന്നെയല്ലേ! കഅ്ബിനെ ഉദ്ധരിച്ചുകൊണ്ടു തിർമിദി റിപ്പോർട്ട് ചെയ്തിരിക്കുന്നു: "നിശ്ചയം എല്ലാ പ്രവാചക സമുദായങ്ങളും അല്ലാഹുവിന്റെ പരീക്ഷണങ്ങൾ നേരിട്ടിട്ടുണ്ട്; എന്റെ സമുദായത്തിന്റെ പരീക്ഷണ നിദാനം പണമാണ്." അതാണിത്തരം മഹാമേളകൾ വിളിച്ചറിയിക്കുന്നത്.

വെള്ളമെടുക്കുന്നത് കടലിൽനിന്നായാലും അമിതോപയോഗം അരുതെന്നറിയിച്ച പ്രവാചകന്റെ സമുദായമാണ് ഇതെല്ലാം ചെയ്തുകൂട്ടുന്നത്. അധ്വാനിക്കാതെ കുന്നുകൂട്ടുന്ന ധനമാണ് ധൂർത്തിന് ഉപയോഗപ്പെടുത്തുന്നത് എന്നതാണ് സത്യം! പെൺമക്കളെ എത്ര ദുഷിച്ച സ്വഭാവക്കാർക്കും, അവർ പണക്കാരാണെങ്കിൽ വെച്ചുകെട്ടാൻ തയാറാകുന്ന രക്ഷിതാക്കളാണ് ഇതിൽ ഒന്നാമത്തെ തെറ്റുകാർ.

ചരിത്രത്തിൽ യുഗപരിവർത്തനത്തിന്റെ കടിഞ്ഞാൺ പിടിച്ചിരുന്ന യുവത ഇന്ന് ഒഴുക്കിനൊപ്പം നീങ്ങുന്ന ചണ്ടികളായി തരംതാണിരിക്കുന്നു. മറ്റൊരു വിഭാഗം സ്വന്തം കൊടിയുടെ അടിമകളുമാടും മാറിയിരിക്കുന്നു.

**അലവി വീരമംഗലം**

# വി.പി സിംഗിന്റെ പ്രസക്തി

**വി.പി** സിംഗിനെക്കുറിച്ചു വന്ന ലേഖനങ്ങൾ (2008 ഡിസംബർ 2) ശ്രദ്ധേയമായി. മണ്ഡൽ കമീഷൻ നടപ്പാക്കാൻ ശ്രമിച്ചതിന്റെ പേരിൽ സവർണരുടെ കണ്ണിലെ കരടായിത്തീർന്ന വി.പി സിംഗിന്റെ നിര്യാണം മാധ്യമങ്ങൾ വേണ്ടത്ര ചർച്ച ചെയ്തില്ല. സവർണനായി ജനിച്ച് സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്ക് വേണ്ടി ശബ്ദിക്കുകയും പ്രവർത്തിക്കുകയും ചെയ്ത വി.പി സിംഗിനെ മീഡിയ മനഃപൂർവം അവഗണിക്കുകയായിരുന്നു.

മുംബൈയിലെ ഭീകരാക്രമണം അതിന് ഒരു നിമിത്തമായെന്നു മാത്രം. അവർണനുവേണ്ടി ശബ്ദിച്ചു എന്നതിന്റെ പേരിൽ ഒരു മുൻ പ്രധാനമന്ത്രി ഇത്രയും അനാദരിക്കപ്പെടരുതായിരുന്നു. വി.പി സിംഗ് കാണിച്ച ആർജവവും ധീരതയും ഇനിയും ഇന്ത്യയുടെ പ്രധാനമന്ത്രിപ്പട്ടം ചുമക്കുന്നവർക്ക് ഒരു പാഠമാകേണ്ടതാണ്. 1990കളിൽ നടത്തിയ സംവരണത്തിന്റെ പേരിൽ രാജീവ് ഗോസ്വാമി നടുറോട്ടിൽ നടത്തിയ ആത്മഹത്യാ ശ്രമവും മറ്റും പ്രഹസനങ്ങൾ മാത്രമായിരുന്നു. വി.പി സിംഗിനെപ്പോലുള്ളവർക്ക് ഇനിയും ഇന്ത്യൻ രാഷ്ട്രീയത്തിൽ ഭാവിയുണ്ട്.

**സുമയ്യ സത്താർ, കട്ടച്ചിറ, തിരൂർ**

# മുംബൈ മുസ്‌ലിംകൾ അഭിനന്ദനമർഹിക്കുന്നു

**'മുംബൈയിലെ** ഖബ്ർസ്ഥാൻ നിഷേധം' (വാള്യം 65, ലക്കം 28) മുഖക്കുറിപ്പ് അവസരോചിതമായി. മുംബൈ തീവ്രവാദി ആക്രമണത്തിനിടയിൽ സുരക്ഷാ സേനയാൽ വധിക്കപ്പെട്ട ഭീകരന്മാരുടേതെന്ന് പറയപ്പെടുന്ന ഒമ്പത് ജഡങ്ങൾ നഗരത്തിലെ ഏതെങ്കിലും മുസ്‌ലിം ശ്മശാനത്തിൽ മറമാടാൻ പോലീസും അധികാരികളും ശ്രമിക്കുകയുണ്ടായി. പക്ഷേ മുംബൈയിലെ മുസ്‌ലിംകളും പണ്ഡിതന്മാരും അത് സമ്മതിച്ചില്ല. ഇതിന്റെ പിന്നിലുള്ള ആസൂത്രിതമായ ഗൂഢാലോചന തിരിച്ചറിഞ്ഞ് സന്ദർഭോചിതമായി തീരുമാനം എടുത്തതിൽ മുംബൈ മുസ്‌ലിം നേതൃത്വം അഭിനന്ദനമർഹിക്കുന്നു. ഇത്തരം പ്രതിസന്ധി ഘട്ടങ്ങളിൽ ധീരമായ തീരുമാനങ്ങളെടുക്കാനും അത് പരസ്യമായി പ്രഖ്യാപിക്കാനും മുസ്‌ലിം നേതൃത്വത്തിന് സാധ്യമാകണം. തീവ്രവാദത്തോടും ഭീകരപ്രവർത്തനങ്ങളോടും ഇസ്‌ലാമിനും മുസ്‌ലിംസമുദായത്തിനുമുള്ള അടങ്ങാത്ത രോഷവും പ്രതിഷേധവും പ്രകടിപ്പിക്കാൻ ലഭ്യമാകുന്ന അവസരങ്ങൾ വിനിയോഗിക്കാൻ കഴിയണം.

**ഉമർ മുഹമ്മദ് കളമശ്ശേരി**

# പറഞ്ഞ മട്ടിലുള്ള മാറ്റം കാണാനില്ല

***പ്രബോധനം*** വിലവർധിപ്പിച്ചുകൊണ്ടുള്ള അറിയിപ്പിന്റെ കൂട്ടത്തിൽ പറഞ്ഞ കെട്ടിലും മട്ടിലുമുള്ള മാറ്റം പ്രകടമായി അനുഭവപ്പെടുന്നില്ല. പ്രസ്ഥാനവാർത്തകൾക്ക് പേജുകൾ വർധിപ്പിച്ചു എന്നത് ശരിതന്നെ. വാരികക്ക് സംഘടനാവൃത്തത്തിന് പുറത്തും അനവധി വായനക്കാരുണ്ട് എന്നത് മറക്കരുത്. സർഗപംക്തി, ബാലപംക്തി, അറബിപഠനം തുടങ്ങിയവക്ക് ഏതാനും പേജുകൾ മാറ്റിവെച്ചുകൂടേ?

'വെള്ളിരേഖ' എന്ന പുതിയ പംക്തി അനാവശ്യമാണെന്ന് തോന്നുന്നു. പത്രവാരികകളിൽ വരുന്ന മുഖസ്തുതികൾ എടുത്തുകൊടുക്കുമ്പോൾ, അതേ വാരികകളിൽ തന്നെ വരുന്ന കറുത്ത വരകളും അച്ചുകൂട വിഷങ്ങളും കാണാതെ പോകുന്നു. എന്തിന്, മറുപടി അർഹിക്കുന്ന പല ജമാഅത്ത് വിരുദ്ധ ലേഖനങ്ങൾക്കുള്ള മറുപടിപോലും വന്നുകാണുന്നില്ല. കൂട്ടത്തിൽ ശ്രദ്ധേയമായ ചില മൗനങ്ങളും *പ്രബോധന*ത്തിന് ചേർന്നതല്ല. 'ആർത്തവക്കല്യാണ'ത്തെ പറ്റി ഒരു വിശകലനം പോലും വന്നില്ല. പലരും പറയാൻ മടിക്കുന്ന പരുഷയാഥാർഥ്യങ്ങൾ മറയില്ലാതെ വെളിപ്പെടുത്തുന്ന ശൈലി *പ്രബോധന*ത്തിന് കൈമോശം വന്നു എന്ന് പറയേണ്ടി വരുന്നത് ഖേദകരമാണ്.

**അബൂബഹീജ് കവ്വായി പയ്യന്നൂർ**

## ചുരുക്കെഴുത്ത്

**ഇസ്‌ലാമിക** പ്രസ്ഥാനത്തിന് ഈ മണ്ണിൽ വേരൂന്നാൻ അഹോരാത്രം വിയർപ്പൊഴുക്കിയ കെ.ടിയുടെ അനുഭവങ്ങളിലൂടെയുള്ള യാത്ര പുതുതലമുറക്ക് പുത്തൻ അനുഭവമാണ്; ആവേശമാണ്. പ്രസ്ഥാനത്തിന്റെ നേതാക്കളും പ്രവർത്തകരുമായ ഇപ്പോൾ ജീവിച്ചിരിക്കുന്ന ഒരുപാട് വ്യക്തികളിലൂടെ ഈ പരമ്പര കടന്നുപോവേണ്ടതുണ്ട്.

**ബഹാസ് പാലത്ത്, കോഴിക്കോട്**